**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3584** **02-03-2023 - ൽ മറുപടിയ്ക്ക്**

**കോക്ലിയർ ഇംപ്ലാന്റ് ഉപകരണങ്ങളുടെ അറ്റകുറ്റപണി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ** | | **ഡോ. ആർ ബിന്ദു (ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | കോക്ലിയർ ഇംപ്ലാന്റ് ഉപകരണങ്ങളുടെ അറ്റകുറ്റപണി വൈകുന്നതിനാൽ കുട്ടികൾ കേടായ ഉപകരണങ്ങളാണ് മാസങ്ങളായി ഉപയോഗിക്കുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കോക്ലിയർ ഇംപ്ലാന്റ് ഉപകരണങ്ങളുടെ അറ്റകുറ്റപണികൾക്കായി മതിയായ തുക അനുവദിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതിന്റെ കാരണം അറിയിക്കുമോ; | (എ) | കോക്ലിയാർ ഇംപ്ലാന്റ് ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി തുക അതതു തദ്ദേശ സ്വയം ഭരണ വകുപ്പ് വകയിരുത്തുന്നതിനാൽ ഈ ഉപകരണങ്ങളുടെ അറ്റകുറ്റപ്പണി അതാതു സമയങ്ങളിൽ നടന്നുവരുന്നുണ്ട്. |
| (ബി) | കോക്ലിയർ ഇംപ്ലാന്റ് ഉപകരണങ്ങളിൽ നിലവിൽ ഉപയോഗിക്കുന്ന പ്രോസസറുകൾ അപ്ഗ്രേഡ് ചെയ്ത് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; അപ്ഗ്രേഡ് ചെയ്യുന്ന പ്രോസസറുകളുടെ ഗ്യാരണ്ടി കുറഞ്ഞത് രണ്ട് വർഷമായി ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (ബി) | 28/09/2017 തീയതിയിലെ സ.ഉ (എം.എസ്)നം.640/2017/സാമൂ.നീ.വ ഉത്തരവ് പ്രകാരം ശ്രുതിതരംഗം പദ്ധതി ആരംഭിക്കുന്നതിന് മുമ്പ് രക്ഷിതാക്കളുടെ സ്വന്തം ചെലവിൽ കോക്ലിയാർ ഇംപ്ലാൻറേഷൻ സർജറി നടത്തിയ 25 വയസ്സു വരെയുള്ളവർക്ക് സ്പീച്ച് പ്രോസസ്സർ അപ്ഗ്രേഡ് ചെയ്ത് എക്സ്റ്റൻഡഡ് വാറന്റി നൽകുന്നതിനുള്ള 'ധ്വനി പദ്ധതി' കേരള സാമൂഹ്യ സുരക്ഷ മിഷൻ മുഖേന നടപ്പാക്കി വരുന്നു. അപ്ഗ്രേഡ് ചെയ്തു നൽകുന്ന പ്രോസസ്സറുകളുടെ ഗ്യാരന്റി ഉയർത്തുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ച് വരുന്നു. |
| (സി) | കോക്ലിയർ ഇംപ്ലാന്റിന് സർക്കാർ നിലവിൽ നിഷ്കർഷിച്ചിട്ടുള്ള വരുമാന പരിധിയും(രണ്ട് ലക്ഷം) പ്രായപരിധിയും (ഇരുപത്തഞ്ച് വയസ്സ്) ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | കോക്ലിയാർ ഇംപ്ലാന്റിനു നിലവിൽ നിഷ്കർഷിച്ചിട്ടുള്ള വരുമാന പരിധിയും പ്രായപരിധിയും ഉയർത്തുന്നത് സംബന്ധിച്ച വിഷയം നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ